LIBRARY ARCHIVES Kerala Legislative Assembly

റാന്നി നിയോജകമണ്ഡലത്തിൽ കരാർ കടിശ്ശികമൂലം മുടങ്ങിയ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ നടപടി

213 (5298) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനെത്തുടർന്ന് റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെങ്കിലും റോഡിന്റെയോ കെട്ടിടത്തിന്റെയോ പാലത്തിന്റെയോ പണി മുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ മുടങ്ങിയ പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(സി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കെട്ടിടത്തിന്റെ പണി മുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; പ്രശ്നം പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളതുകാരണം ഈ ഡിവിഷന്റെ പരിധിയിലെ പ്രവൃത്തികളൊന്നും മുടങ്ങിയിട്ടില്ല.

(സി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിൽ പ്രധാന കെട്ടിടത്തിന്റെ മൂന്ന് നിലകളുടെയും സ്ട്രക്ചർ വർക്ക് 90 ശതമാനം പൂർത്തിയാക്കിയ സാഹചര്യത്തിൽ കോൺട്രാക്ടറുടെ സാമ്പത്തിക പരാധീനതമൂലം ബാക്കി ജോലികൾ തുടങ്ങാൻ സാധിക്കാതെവരികയും പ്രസ്തുത കോൺട്രാക്ടറെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഭിത്തികെട്ട്, പ്ലാസ്റ്ററിംഗ് മുതലായ ജോലികളും ടോപ് ഫ്ലോറിന്റെ റൂഫ് വർക്ക്, ഫിനിഷിംഗ് ജോലികൾ എന്നിവയും പൂർത്തിയാക്കാനുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ വർക്കും റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.